# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8118: 24/07/2012- ൽ മറുപടിക്ക്**

**ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

**ചോദ്യം** | **ഉത്തരം**

**ശ്രീ. കെ. എൻ.എ. ഖാദർ :**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്രചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട് ; | (എ) | 10389 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി)<br><br>&<br><br>(സി) | വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുവാനും സംരംഭകരെ ആകർഷിക്കുവാനുമായി കഴിഞ്ഞ ഒരു വർഷക്കാലം എന്തെല്ലാം പരിശ്രമങ്ങളാണ് നടത്തിയത് എന്ന് വിശദമാക്കുമോ ;<br><br>ഇതിന്റെ ഫലമായി ചെറുകിട ഇടത്തരം വ്യവസായ രംഗം പുരോഗതി പ്രാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി)<br><br>&<br><br>(സി) | കമ്പോള വിലയിലും താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകുന്നു. ചെറുകിട വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും മുഖേന ലഭ്യമാക്കുന്നു. സംസ്ഥാന നിക്ഷേപ സബ്സിഡി നൽകൽ, ഏകജാലക സംവിധാനങ്ങളിലൂടെ (ഗ്രീൻ ചാനൽ കൗണ്ടർ) ക്ലിയറൻസുകളും ലൈസൻസുകളും വേഗമാക്കൽ സംരംഭകർക്ക് വ്യവസായ ബോധവത്ക്കരണ സെമിനാറുകളും പരിശീലനവും നൽകൽ തുടങ്ങിയവ ചെയ്തു വരുന്നു. കൂടാതെ പ്രദർശന വിപണന മേളകളിലൂടെ ചെറുകിട ഇടത്തരം വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണന പ്രോത്സാഹന സൗകര്യം ഒരുക്കുന്നു. വ്യവസായ സംരംഭകർക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നടത്തുന്നു. സംരംഭകത്വ സഹായ പദ്ധതിയിൻ കീഴിൽ നിക്ഷേപ സബ്സിഡി, ഊന്നൽ മേഖലയ്ക്കും വനിതാ, പട്ടികജാതി, പട്ടിക വർഗ്ഗ സംരംഭകർക്കും പിന്നോക്ക ജില്ലകൾക്കും പ്രത്യേക ആനുകൂല്യങ്ങൾ, വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ, നിയന്ത്രിത അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജനപ്പെടുത്തുന്നു. കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്ന- |

| | | | |
|---|---|---|---|
| | | | തിലേക്ക് ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ സംരംഭകർക്കു നൽകുന്ന ലോണുകളുടെ പ്രോസസ്സിംഗ് ഫീസ് നിർത്തലാക്കിയും, പുതുതായി തുടങ്ങുന്ന യൂണിറ്റുകൾക്ക് 1% പലിശ ഇളവ് നൽകിയും, നിലവിലുള്ള ലോണുകളിൽ കൃത്യമായ തിരിച്ചടവ് നടത്തുന്നവർക്ക് 0.5% സ്പെഷ്യൽ റിബേറ്റ് ഏർപ്പെടുത്തിയും,സംസ്ഥാനത്തിലേക്ക് വിദേശ നിക്ഷേപം കൂടുതൽ ആകർഷിക്കുന്നതിനുവേണ്ടി പ്രവാസികൾക്ക് 2% സ്പെഷ്യൽ റിബേറ്റ് നൽകിയും വരുന്നു. കൂടാതെ വ്യവസായ സംരംഭകർക്കായി പ്രത്യേക ആനുകൂല്യങ്ങൾ 2011-12 ലേക്ക് കൂടി ദീർഘിപ്പിക്കുകയുണ്ടായി. കൂടാതെ പ്രവാസികളുടെ നിക്ഷേപം ആകർഷിക്കുന്നതിനായി ഈ കാലയളവിൽ പ്രവാസികൾ പ്രൊമോട്ട് ചെയ്യുന്ന ( 50% എങ്കിലും പ്രവാസികളുടെ മൂലധനം ഉള്ള) കമ്പനികൾക്ക് കെ.എസ്.ഐ.ഡി.സി അനുമതി നൽകുന്ന ലോണുകളിൽ 2% പലിശ ഇളവു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ അനുകൂല സാഹചര്യങ്ങൾ അന്താരാഷ്ട്രതലത്തിൽ അവതരിപ്പിച്ച് ഇവിടേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഒരു ദ്വിവൽസര ആഗോള സംഗമം " എമർജിംഗ് കേരള " എന്ന പേരിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. എമർജിംഗ് കേരളയിലൂടെ കേരളത്തിന്റെ മാറിയ സാഹചര്യങ്ങൾ പുറംലോകത്തിന് മുൻപാകെ അവതരിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.<br><br>കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനായി ഒരു പുതിയ വ്യവസായ നയത്തിന്റെ കരട് രൂപം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പുതിയ വ്യവസായ നയത്തിന്റ അടിസ്ഥാനത്തിൽ വിവിധ വികസന പദ്ധതികൾ ആവിഷ്കരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഫലമായി ചെറുകിട ഇടത്തരം വ്യവസായ മേഖലയിലും പുരോഗതി പ്രാപിച്ചിട്ടുണ്ട്.<br><br>2011-12 വർഷത്തിൽ 9741 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആകെ മുതൽ മുടക്ക് 3160.25 കോടി രൂപ. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8119: 24/07/2012- ൽ മറുപടിക്ക്**

**നിക്ഷേപ ധനസഹായ പദ്ധതിയുടെ 2011-12 ലെ പ്രവർത്തനം**

**ചോദ്യം** **ഉത്തരം**

**ശ്രീ. സി. മമ്മൂട്ടി**

**,, അബ്ദുറഹിമാൻ രണ്ടത്താണി**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിക്ഷേപ സബ്സിഡി നൽകുന്നതിനുമുള്ള സംസ്ഥാന നിക്ഷേപ ധനസഹായ പദ്ധതിയുടെ 2011-12 വർഷത്തെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. 2011-12 വർഷത്തിൽ ആദ്യമായാണ് മേൽ പദ്ധതി നടപ്പിലാക്കിയത്. സൂക്ഷ്മ വ്യവസായ സംരംഭകരെ ആകർഷിക്കുവാനായി ഏർപ്പെടുത്തിയതാണ് ഈ പദ്ധതി. പദ്ധതിച്ചെലവിന്റെ 20% പരമാവധി ഒരു ലക്ഷം രൂപ വരെ മാർജിൻ മണി ഗ്രാന്റായി നൽകിയ ഈ പദ്ധതിക്ക് ചെറുകിട സംരംഭകരിൽ നിന്നുള്ള പ്രതികരണം ലഭിച്ചിട്ടുണ്ട്. |
| (ബി) | നിക്ഷേപ സബ്സിഡി ഇനത്തിൽ പ്രസ്തുത വർഷം എത്ര സംരംഭകർക്ക് സഹായധനം അനുവദിക്കാനായി എന്ന് വ്യക്തമാക്കുമോ; | (ബി) | 259 സംരംഭകർക്കായി 1,46,61,331/- രൂപ ഈ ഇനത്തിൽ സബ്സിഡിയായി നൽകുകയുണ്ടായി. |
| (സി) | പുതിയ സംരംഭകർ ഈ പദ്ധതി എത്രത്തോളം പ്രയോജനപ്പെടുത്തി ? | (സി) | പുതിയ സംരംഭകർ ഈ പദ്ധതി പരമാവധി പ്രയോജനപ്പെടുത്തി. ഈ പദ്ധതി പ്രകാരം 259 പുതിയ സംരംഭകർക്ക് ധനസഹായം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**